**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940</u>** **<u>20-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>പ്രവാസികൾക്ക് സഹായം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസലോകത്ത് കോവിഡ് വ്യാപനത്തെ തുടർന്ന് പ്രയാസമനുഭവിക്കേണ്ടി വന്ന മലയാളികൾക്ക് ആശ്വാസമെത്തിക്കുന്നതിനും പ്രവാസി സംഘടനകളെ ഏകോപിപ്പിക്കുന്നതിനും അവരുടെ സഹായം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രവാസി മലയാളികളെ സഹായിക്കുന്നതിന് ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ 14 വിദേശ രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിച്ചിരുന്നു. നിരവധി പ്രവാസി മലയാളികൾക്ക് ഇത് ആശ്വാസകരമായിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ലോക കേരള സഭാംഗങ്ങൾ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വന്തം നിലയിലും കമ്മ്യൂണിറ്റി ലെവലിലും എംബസി മുഖേനയും വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിന് പ്രവർത്തിച്ചു. ഭക്ഷണം, മരുന്ന്, സാമ്പത്തിക ബുദ്ധിമുട്ട് തുടങ്ങിയ കാര്യങ്ങളിൽ പരിഹാരം കാണാനും ശ്രദ്ധിച്ചിട്ടുണ്ട്. |
| (ബി) | ഈ മഹാമാരിയിൽ പ്രതിസന്ധി നേരിട്ട പ്രവാസികളെ സഹായിക്കുന്നതിന് ലോക കേരളസഭ വഴി എന്തെല്ലാം നേട്ടങ്ങൾ സാധ്യമായിട്ടുണ്ട്; ലോക കേരളസഭയിലെ അംഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ സംസ്ഥാന സർക്കാരിന് വേണ്ടി ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്; ഇതിനായി എത്ര അംഗങ്ങളുടെ സഹായമഭ്യർത്ഥിച്ചിരുന്നു; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. പ്രവാസി മലയാളികളെ സഹായിക്കുന്നതിന് ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ 14 വിദേശ രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിച്ചിരുന്നു. നിരവധി പ്രവാസി മലയാളികൾക്ക് ഇത് ആശ്വാസകരമായിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ലോക കേരള സഭാംഗങ്ങൾ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വന്തം നിലയിലും കമ്മ്യൂണിറ്റി ലെവലിലും എംബസി മുഖേനയും വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിന് പ്രവർത്തിച്ചു. ഭക്ഷണം, മരുന്ന്, സാമ്പത്തിക ബുദ്ധിമുട്ട് തുടങ്ങിയ കാര്യങ്ങളിൽ പരിഹാരം കാണാനും ശ്രദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ